ഫിഷ് ലാന്റിംഗ് സെന്റർ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

195 (1665) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) (എ) ഫിഷ് ലാൻഡിംഗ് സെന്റർ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;

(ബി) ആലപ്പുഴ ജില്ലയിൽ എവിടെയൊക്കെ ഫിഷ് ലാൻഡിംഗ് സെന്റർ അനുവദിക്കുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫിഷ് ലാന്റിംഗ് സെന്റർ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെപറയുന്നു :

1. പ്രസ്തുത സ്ഥലത്തിന്റെ ചുറ്റുപാടുകളിൽ നിലവിൽ പ്രവർത്തനക്ഷമമായ ഫിഷ് ലാന്റിംഗ് സെന്റർ, ഫിഷിംഗ് ഹാർബറുകൾ എന്നിവ കണക്കിലെടുത്തും പരമ്പരാഗത ഫിഷിംഗ് ബോട്ടുകൾക്കും ചെറിയ യന്ത്രവൽക്കൃത ബോട്ടുകൾക്കും പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്റർ എത്രമാത്രം പ്രയോജനകരമാണ് എന്ന വസ്തുത കണക്കിലെടുത്തും

2. അംഗീകൃത ഏജൻസിയുടെ കണക്ക് അനുസരിച്ച് സംസ്ഥാന ജില്ലാ മണ്ഡലങ്ങളിൽ നിലവിലുള്ള ഭാവിയിലുണ്ടായേക്കാവുന്ന മത്സ്യ ഉൽപ്പാദനത്തിന്റെ വർദ്ധനവ് കണക്കിലെടുത്ത്

3. ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സമീപത്ത് നിലവിലുള്ള ഫിഷ്ലാന്റിംഗ് സെന്റർ/ ഫിഷ് ലാന്റിംഗ് സെന്ററുകളുടെ ലൊക്കേഷൻ/മാപ്പ് എന്നിവ സംബന്ധിച്ച വിവരങ്ങൾ കണക്കിലെടുത്ത്

4. പ്രസ്തുത പദ്ധതി പൂർത്തീകരണത്തിനുശേഷം ഉണ്ടായേക്കാവുന്ന മത്സ്യബന്ധന ബോട്ട് ഗതാഗതം/നിലവിലുള്ള ഗതാഗതം മത്സ്യത്തിന്റെ ലഭ്യത, വില എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ കണക്കിലെടുത്ത്

5. പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുമുൻപ് ടി പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയിരിക്കുകയും ടി വിവരം പദ്ധതി രൂപരേഖയിൽ പരാമർശിക്കുകയും വേണം.

6. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളുടേയും സാങ്കേതിക മികവ് ഉറപ്പാക്കിയിരിക്കണം.

(ബി) ആലപ്പുഴ ജില്ലയിലെ മുട്ടത്തുമണ്ണേലും തൃക്കുന്നപ്പുഴയിലെ പതിയാങ്കരയിലും ഫിഷ് ലാന്റിംഗ് സെന്ററുകൾക്കുള്ള പദ്ധതികൾ നബാർഡിന്റെ ധനസഹായത്തോടെ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായ ഈ പദ്ധതികൾക്ക് പഞ്ചായത്ത് അധികാരികളിൽ നിന്ന് സ്ഥലം കൈമാറി ലഭ്യമായാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly